ഉത്തരം

(എ) ഇപ്രകാരം ഒരു ശുപാർശ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽനിന്ന് ലഭിച്ചിട്ടുണ്ട്.

(ബി) അവസാന തീരുമാനം ആയിട്ടില്ല.

ക്ഷേമധാന്യ മൊത്ത വിതരണം സ്വകാര്യ വ്യക്തികളെ ഏൽപ്പിക്കുവാനുണ്ടായ സാഹചര്യം

508 [563] ശ്രീ. സിറിയക് ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യധാന്യ മൊത്തവിതരണം (റേഷൻ സാധനങ്ങൾ) സ്വകാര്യവ്യക്തികളെ ഏൽപ്പിച്ചുകൊടുത്തത് എന്നു മുതൽക്കാണെന്ന് വ്യക്തമാക്കാമോ;

(ബി) ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയ്ക്ക് ഈ ചുമതല തുടർന്നു നടത്തിക്കൊണ്ടുപോകാൻ സാദ്ധ്യമല്ലെന്നറിയിക്കുകയുണ്ടായോ;

(സി) ഇല്ലെങ്കിൽ എന്തു സാഹചര്യത്തിലാണ് സ്വകാര്യ വ്യക്തികളെ ഈ ചുമതല ഏൽപ്പിക്കാൻ തീരുമാനിച്ചത്;

(ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ പ്രസ്തുത ചുമതല ഏറ്റെടുത്ത് നടത്താൻ സന്നദ്ധത പ്രകടിപ്പിച്ചിരുന്നുവോ;

(ഇ) എങ്കിൽ സ്വകാര്യ വ്യക്തികളെ ഏൽപ്പിച്ചതിന്റെ കാരണമെന്താണ്?

ഉത്തരം

(എ) റേഷൻ വിതരണം തുടങ്ങിയ കാലം മുതൽ (1966) സ്വകാര്യ വ്യക്തികളും റേഷൻ മൊത്ത വ്യാപാരം നടത്തി വരുന്നുണ്ട്.

(ബി) ജില്ലാ ഹെഡ്ക്വാർട്ടേഴ്സ് താലൂക്കുകളിൽ ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ നേരിട്ട് ഭക്ഷ്യ ധാന്യ വിതരണം നടത്തുന്ന ചുമതലയിൽനിന്നു കോർപ്പറേഷനെ ഒഴിവാക്കണമെന്ന് അവർ ആവർത്തിച്ചു ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

വൈദ്യുത പദ്ധതികൾ

509 [564] ശ്രീ. കെ. ശങ്കരനാരായണപിള്ള:
,, പി. വിജയദാസ്:
,, ആർ. എസ്. ഉണ്ണി:
ശ്രീമതി റെയിച്ചൽ സണ്ണി പനവേലി:
ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ പൂർത്തിയായ വൈദ്യുത പദ്ധതികളേതെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly